പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3536

10-4--13 ൽ
മറു പടിക്ക്

## നയപരിപാടികളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള പൊതു ജനാഭിപ്രായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ശിവദാസൻനായർ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. പി.എ. മാധവൻ | | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സർക്കാരിന്റെ നയപരിപാടികളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള പൊതുജനാഭിപ്രായം ആരായാൻ എന്തെല്ലാംസംവിധാനമാണ്ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | എസ്.എം.എസ്.പോള ിലൂടെയും ഒപ്പിനിയൻ സർവ്വേയിലൂടെയും പൊതു ജനാഭിപ്രായം ആരായാനുള്ള സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| ബി) അഭിപ്രായങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ; | ബി) | യെസ്/നോ രീതിയിൽ അഭിപ്രായങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചുസമർപ്പിക്കുന്ന രീതിയാണ് എസ്. എം. എസ്. പോൾ.<br>ഒപ്പിനിയൻ പോളും ക്രോഡീകരിച്ചു തന്നെയാണ് നിഗമനങ്ങൾ തയ്യാറാക്കുന്നത്. നയരൂ പവത്കരണത്തിനും പരിപാടികളുടെ ആവിഷ്കാരത്തിനും കൂടി സഹായിക്കുന്ന തരത്തിലുള്ള സമഗ്രമായ ഫീൽഡ് സർവ്വേകളാണ് ഇതിൽ ഉദ്ദേശിക്കുന്നത്. |
| സി) ഏതെല്ലാം ഏജൻസികളെയാണ് ഈ പദ്ധതിയ്ക്കുവേണ്ടി സഹകരിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് നേരിട്ടാണ് എസ്. എം.എസ്. പോൾ നടത്തുന്നത്.<br>ഒപ്പിനിയൻ സർവ്വേ നടത്തുന്നതിനായി 3 ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>1)കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ്, കാര്യവട്ടം<br>2)സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് & എൻവയോൺമെന്റ് സ്റ്റഡീസ്, കൊച്ചി<br>3)ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മോണിറ്ററിങ് ഇക്കണോമിക് ഗ്രോത്ത്, തിരുവനന്തപുരം<br><br>കൂടാതെ സ്റ്റാൻഡ്ബൈ ആയി സി.എസ്. ഡാറ്റാമേഷൻ റിസർച്ച് സെന്റർ ഡൽഹി എന്ന സ്ഥാപനത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഡി) | എസ്.എം.എസ് പോൾ പദ്ധതിക്ക് എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. ഒപ്പീനിയൻ സർവ്വേപദ്ധതി ഭരണാനുമതി യാകുന്ന മുറയ്ക്ക് ആരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ